**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6866** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജ് വരുതിയിൽ ഭൂമി റിസർവേ ചെയ്തതിനുശേഷം സർവേ വകുപ്പ് നൽകിയ രേഖകളിൽ പലരുടെയും ഭൂമി സംബന്ധിച്ച രേഖകൾ ഉൾപ്പെട്ടിട്ടില്ലാത്തതും ഭൂവിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളതും സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ അന്വേഷണം നടത്തുമോ; പ്രസ്തുത പ്രശ്നം പരിഹരിച്ച് ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | വടകര താലൂക്കിലെ എടച്ചേരി വില്ലേജിൽ റീസർവ്വെയിലെ അപാകത കാരണം ചിലർക്ക് നികുതി അടവാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഭൂനികുതി ഒടുക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ഭൂമിയും അനുബന്ധ രേഖകളും പരിശോധിച്ച് റീസർവ്വെയിൽ വന്ന അപാകത പരിഹരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പുതിയ റിക്കാർഡുകൾ തയ്യാറാക്കി വരുന്നുണ്ട്. ടി വിഷയം അതീവ ഗൗരവമായി കണക്കിലെടുത്ത് മുഴുവൻ അപേക്ഷകളും അടിയന്തിര പ്രാധാന്യത്തോടെയാണ് തീർപ്പാക്കി വരുന്നത്. ഭൂനികുതി അടവാക്കാൻ കഴിയാത്ത സാഹചര്യം പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ